**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** **02-02-2023 - ൽ മറുപടിയ്ക്ക്**

**പെൻഷൻ അപേക്ഷകൾക്ക് ഓൺലൈൻ പരിശോധന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിക്കുന്ന സംവിധാനം എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **25.03.2019-ലെ സ.ഉ(പി)നം.35/2019/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്ന സംവിധാനം (പെൻഷണർ ഇൻഫർമേഷൻ സിസ്റ്റം - PRISM) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | ഓൺലൈൻ പരിശോധന സംബന്ധിച്ച് മുഴുവൻ വകുപ്പുകളിലെയും ജീവനക്കാർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ടോ; ഐ.എം.ജി. വഴി മുഴുവൻ ജീവനക്കാർക്കും ഓൺലൈൻ പരിശോധന സംബന്ധിച്ച പരിശീലനം നൽകുന്നതിനു നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | പ്രിസം ഓൺലൈൻ സംവിധാനത്തിലൂടെ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ചും ആയത് പരിശോധിക്കുന്നതു സംബന്ധിച്ചും വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം ഐ.എം.ജി സംഘടിപ്പിക്കുന്ന ട്രെയിനിംഗ് ഷെഡ്യൂളിൽ പ്രിസം ഉൾപ്പെടുത്തിയിട്ടുള്ള സന്ദർഭങ്ങളിലും ആയത് സംബന്ധിച്ച പരിശീലനം ലഭ്യമാക്കുന്നുണ്ട്. |
| (സി) | പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിക്കുന്നതിലൂടെ വേഗത്തിൽ പെൻഷൻ അനുമതി നൽകാൻ അക്കൗണ്ടന്റ് ജനറലിന് സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പെൻഷൻ അപേക്ഷകൾ പ്രിസം ഓൺലൈൻ സംവിധാനത്തിലൂടെ പരിശോധിച്ച് സമർപ്പിക്കുന്നതിലൂടെ അക്കൗണ്ടന്റ് ജനറലിനു വളരെ വേഗത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ആതറൈസ് ചെയ്യുവാൻ സാധിക്കുന്നുണ്ടെന്നു സർക്കാർ വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

പ്രിസം (PRISM)- സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നത് സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ(പെൻഷൻ – എ) വകുപ്പ്**

സ.ഉ (പി) നം. 35/2019/ധന | തിരുവനന്തപുരം.തീയതി. 25.03.2019

================================================================

പരാമർശം :- 1) സ.ഉ(പി) നം. 421/2014/ധന. തീയതി 25.09.2014
2) സ.ഉ(പി) നം. 179/2016/ധന തീയതി 10.12.2016
3) സ.ഉ(പി) നം. 49/2017/ധന. തീയതി 21.04.2017
4) സ.ഉ(പി) നം. 114/2017/ധന. തീയതി 25.08.2017
5) സ.ഉ(പി) നം. 98/2018/ധന. തീയതി 26.06.2018

## ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ അനുബന്ധ രേഖകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാർ പ്രിസം (Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചതും. വിവിധ വകുപ്പുകളിലെ പെൻഷൻ അനുവദിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചതുമാണ്. പ്രിസം സോഫ്റ്റ് വെയർ മുഖേന പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതിന്റെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും പെൻഷൻ അനുവദിക്കുന്നതിന് മുന്നോടിയായി പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം (Remarks by the Receiving Authority- RRA) രേഖപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് സംബന്ധിച്ച് പരാമർശം (4) പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും പരാമർശം (5) പ്രകാരം വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ് എന്നീ വകുപ്പുകളിലും ട്രഷറി വകുപ്പിലും പെൻഷൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം വഴി നടപ്പാക്കി വരികയാണ്.

2) സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും പെൻഷൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം (PRISM) വഴി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള തീയതിയിൽ ഓരോ വകുപ്പിലും പ്രിസം നടപ്പിൽ വരുത്തേണ്ടതാണെന്ന് ഉത്തരവാകുന്നു.

### 1) ഏപ്രിൽ 30-നകം പ്രിസം നടപ്പിൽ വരുത്തേണ്ട വകുപ്പുകൾ

- Agriculture Department
- Animal Husbandry Department
- Archaeology Department
- Archives Department
- Chemical Examiners Laboratories Department
- Civil Supplies Department
- Commercial Taxes Department
- Commissionerate of Entrance Examinations
- Co-Operation Department
- Culture Department
- Dairy Development Department
- Directorate of Prosecution
- Drugs Control Department
- Economics And Statistics Department
- Electrical Inspectorate
- Environment & Climate Change Department
- KIRTADS

2) മെയ്-15 നകം പ്രിസം നടപ്പിൽ വരുത്തേണ്ട വകുപ്പുകൾ

- Excise Department
- Factories And Boilers Department
- Fire & Rescue Services Department
- Fisheries Department
- Food Safety Department
- Forest Department
- Ground Water Department
- Harbour Engineering Department
- Hydrographic Survey Wing
- Industrial Training Department

3) ജൂൺ-30 നകം പ്രിസം നടപ്പിൽ വരുത്തേണ്ട വകുപ്പുകൾ

- Industries and Commerce
- Irrigation Department
- Judiciary (Subordinate)
- Kerala Lok Ayukta
- Kerala Public Service Commission
- Kerala State Audit Department
- Labour Department
- Labour Courts
- Land Board
- Land Revenue Department
- Kerala State Land use Board
- Legal Metrology Department
- State Lotteries Department
- Local Self Government Engineering Department
- Mining & Geology Department

- Motor Vehicles Department
- Museums & Zoo
- NCC Department
- Ports Department
- Printing Department
- Public Works Department

4) ജൂലായ് 31-നകം പ്രിസം നടപ്പിൽ വരുത്തേണ്ട വകുപ്പുകൾ

- Prisons Department
- Registration Department
- Rural Development Department
- Sainik Welfare Department
- Scheduled Caste Development Department
- Scheduled Tribes Development Department
- Kerala Raj Bhavan
- Legislature Secretariat
- Social Justice Department
- Soil Survey & Soil Conservation Department
- Sports & Youth Affairs Department
- State Central Library
- State Insurance Department
- State water Transport Department
- Stationery Department
- Survey and Land Records Department
- Tourism Department
- Department of Town and Country Planning
- Urban Affairs
- Vigilance & Anti Curruption Bureau

5) **ആഗസ്റ്റ് 20-നകം പ്രിസം നടപ്പിൽ വരുത്തേണ്ട വകുപ്പുകൾ**

മുൻ ഖണ്ഡികകളിൽ പരാമർശിച്ചിട്ടില്ലാത്തതും സർക്കാരിന്റെ വിവിധ ഉത്തരവുകൾക്കു വിധേയമായി പ്രിസം നാളിതുവരെയും നടപ്പാക്കിയിട്ടില്ലാത്തതുമായ മുഴുവൻ വകുപ്പുകളും **ആഗസ്റ്റ് 20-നകം** പ്രിസം നടപ്പിൽ വരുത്തേണ്ടതാണ്. പ്രിസം സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനായി മുകളിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ വകുപ്പുകളിലെയും പെൻഷൻ അപേക്ഷകൾ സമർപ്പിക്കേണ്ടുന്ന ഓഫീസ് മേധാവികളുടെ പട്ടികയും പെൻഷൻ അപേക്ഷകൾ ഓൺലൈനായി പ്രിസം വഴി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പുകളിൽ പെൻഷൻ കൈകാര്യം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ച് ടി ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും ഈ വകുപ്പിൽ ഇ-മെയിൽ (pensiona2015@gmail.com) മുഖേനയോ അല്ലാതെയോ **ഏപ്രിൽ 15** നകം ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാർക്ക് ഈ വിഷയത്തിൽ സമഗ്രമായ പരിശീലനം നല്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും.
6. സംസ്ഥാനത്തെ പെൻഷൻ അനുവദിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും. (Pension Sanctioning Authorities, പി.എസ്.എ)
7. ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്
8. നോഡൽ ഓഫീസർ www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**